പതിമൂന്നാം കേരള നിയമസഭ
ഒന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 873 30.6.2011 ൽ മറുപടിക്ക്

മരാമത്ത് വകുപ്പിലെ ഇ-ടെണ്ടർ

| ചോദ്യം<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത്‌വകുപ്പു മന്ത്രി) |
|---|---|
| മരാമത്ത് വകുപ്പിൽ ഇ-ടെണ്ടർ അടക്കമുള്ള നടപടികൾ സ്വീകരിച്ച് പദ്ധതികൾ ആരംഭിച്ച് പൂർത്തികരിക്കുന്നതുവരെ ഉണ്ടാകുന്ന തടസ്സങ്ങൾ നീക്കിക്കൊണ്ട് പി.ഡബ്ല്യു.ഡി. പ്രവൃത്തികളുടെ ഗതിവേഗം വർദ്ധിപ്പിക്കാൻ ഒരു സമഗ്ര പരിപാടി ആവിഷ്ക്കരിക്കുമോ ? | ഇ-ടെണ്ടർ നടപടിയുടെ ആദ്യഘട്ടമെന്ന നിലയിൽ ടെണ്ടർ ഫോമും ഷെഡ്യൂളും പൊതുമരാമത്ത് വകുപ്പിന്റെ വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ടെണ്ടർ ഫോമിന്റെ നിശ്ചിത വില ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് മാറാവുന്ന വിധം DD ആയി ടെണ്ടറിനോടൊപ്പം ഹാജരാക്കുന്നതിനുള്ള സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഇ- ടെണ്ടറിംഗ് സംബന്ധിച്ച തുടർനടപടികൾ, മാന്വൽ പരിഷ്ക്കരണം എന്നിവ സർക്കാരിന്റെ പരിഗണനയിലാണ്. ഇവ നടപ്പിലാക്കുന്നതോടെ പൊതു - മരാമത്ത് പ്രവൃത്തികളുടെ ഗതിവേഗം വർദ്ധിക്കുമെന്നാണ് കരുതുന്നത് |

സെക്ഷൻ ഓഫീസർ